**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 229** **10-06-2024 - ൽ മറുപടിയ്ക്ക്**

**ആയഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിലെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആയഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിലെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | ആയഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എൻ.എച്ച്.എം മുഖാന്തരം ആർ.ഒ.പി 2023-24 പ്രകാരം 1.43 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഇൻകെൽ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും അത് പൂർത്തിയാക്കുന്നതിലൂടെ ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (ബി) | ടെൻഡർ അംഗീകാരം ലഭിച്ച് കോൺട്രാക്ടറുമായി കരാർ ഒപ്പിട്ടതിന് ശേഷം ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതാണ്. പുതിയ കെട്ടിടത്തിൽ രജിസ്ട്രേഷൻ കൗണ്ടർ, പ്രീചെക്കപ്പ് റൂം, ഒ.പി റൂം (3 എണ്ണം), പ്രോസിജ്യർ റൂം, ഒബ്സർവേഷൻ റൂം, നഴ്സിംഗ് സ്റ്റേഷൻ, ലാബ്, ഫാർമസി, ബ്രെസ്റ്റ് ഫീഡിംഗ് റൂം, ശുചി മുറി എന്നീ സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ